# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *69 — 30.06.2016-ൽ മറുപടിയ്ക്ക്

## ഗോത്രവർഗ്ഗ സംസ്കാരം നിലനിർത്തുന്നതിന് നടപടി

**ചോദ്യം**
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.സി.കൃഷ്ണൻ
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.കാരാട്ട് റസാഖ്

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്തെ പ്രാക്തന-ഗോത്രവർഗ്ഗ വിഭാഗങ്ങളുടെയും മറ്റു പിന്നാക്ക ജനവിഭാഗങ്ങളുടെയും പ്രാചീന കലാരൂപങ്ങളും ആചാരങ്ങളും അന്യം നിന്നുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക ദുർബല/പ്രാക്തന-ഗോത്രവിഭാഗങ്ങളുടേയും മറ്റ് പിന്നോക്ക ജനവിഭാഗങ്ങളുടേയും പാരമ്പര്യ കലാരൂപങ്ങളും ആചാരങ്ങളും അന്യം നിന്നുകൊണ്ടിരിക്കുകയാണ്. മുൻ തലമുറയിൽ നിന്നും സമുദായത്തിലെ പ്രായമായവരിൽ നിന്നും പാരമ്പര്യ കലാരൂപങ്ങളും ആചാരങ്ങളും മുഴുവനായും പകർന്ന് കിട്ടാത്തതിനാലും, പുതിയ തലമുറയിലുള്ളവർക്ക് മറ്റ് വിഭാഗങ്ങളുമായുള്ള ഇടപെടലുകൾ കൊണ്ട് അവയോട് മതിപ്പ് കുറഞ്ഞതിനാലും തൊഴിൽപരവും വിദ്യാഭ്യാസ സമ്പാദനവും മറ്റുമായി സമുദായാംഗങ്ങൾ തമ്മിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന കൂട്ടായ്മയും ഒത്തുചേരലും കുറഞ്ഞതിനാലും മറ്റുമാണ് പാരമ്പര്യ കലാരൂപങ്ങളും ആചാരങ്ങളും അന്യം നിന്നു പോകുന്നത്. എന്നാൽ കിർത്താഡ്സിന്റെ ആദികലാ കേന്ദ്രത്തിന്റെ ഭാഗമായി അന്യം നിന്നു പോകുന്ന ഗോത്രകലാരൂപങ്ങളെയും കരകൗശല വൈദഗ്ധ്യങ്ങളെയും സംരക്ഷിക്കുവാനും |

| | | | |
|---|---|---|---|
| | | | പരിപോഷിപ്പിക്കുവാനും ഗൗരവമായ നടപടികൾ കഴിഞ്ഞ കുറെ വർഷങ്ങളായി എടുത്തുവരുന്നുണ്ട്. |
| ബി) | മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച "ഗദ്ദിക" പോലുള്ള പരിപാടികൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ സംഘടിപ്പിക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ; | ബി) | മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച "ഗദ്ദിക" നാടൻകലാമേള പ്രദർശന വിപണന മേള എല്ലാ വർഷവും സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2 ജില്ലകളിൽ ആധുനിക രീതിയിൽ സംഘടിപ്പിച്ചു വരികയാണ്. ഈ പരിപാടിയിൽ പട്ടികവർഗ്ഗക്കാർ സൊസൈറ്റികളായോ കൂട്ടു സംരംഭങ്ങളായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവ വിറ്റഴിക്കുന്നതിനും പുതിയ വിപണികൾ കണ്ടെത്തുന്നതിനും വംശീയ വൈദ്യം, വംശീയ ഭക്ഷണം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നാടൻ കലാരൂപങ്ങൾ തുടങ്ങിയവ പുതുതലമുറയ്ക്കും പൊതു സമൂഹത്തിനും പരിചയപ്പെടുത്തി കൊടുക്കുന്നതിനുമാണ് "ഗദ്ദിക" സംഘടിപ്പിച്ചു വരുന്നത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ 2 ജില്ലകളിൽ നാടൻ കലാമേളയും പ്രദർശന വിപണന മേളയും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | അന്യം നിന്നു പോകുന്ന "ഭാഷയും-കലാരൂപങ്ങളും" അടയാളപ്പെടുത്തി വയ്ക്കുന്നതിനും അവയെക്കുറിച്ച് പഠിക്കുന്നതിനും പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദമാക്കുമോ; | സി) | പട്ടികജാതി പട്ടികവർഗ്ഗ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി എല്ലാ വർഷവും പല പേരുകളിലായി നാടൻ കലാമേളകൾ സംഘടിപ്പിക്കാറുണ്ട്. പട്ടികവർഗ്ഗ കലാകാരൻമാരുടെയും കരകൗശല വിദഗ്ധരുടെയും പേര് വിവരസൂചിക അവരെ മറ്റാളുകൾക്ക് പരിചയപ്പെടുത്തുന്നതിനായി കിർത്താഡ്സ് മുഖേന തയ്യാറാക്കിയിട്ടുണ്ട്.<br>അന്യം നിന്നു പോകുന്ന പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വിഭാഗക്കാരുടെ തനത് നൃത്ത രൂപങ്ങളായ കാസർഗോഡ് ജില്ലയിലെ കൊറഗ സമുദായക്കാരുടെ തനത് നൃത്തം, വയനാട് ജില്ലയിലെ പണിയൻ സമുദായക്കാരുടെ നൃത്തരൂപമായ കമ്പളക്കളി, വട്ടക്കളി, ഇടുക്കി ജില്ലയിലെ ഊരാളി സമുദായങ്ങളുടെ പരമ്പരാഗത നൃത്തമായ ഊരാളിക്കൂത്ത് (ആട്ടവും പാട്ടും), പ്രത്യേക ദുർബല ഗോത്രവിഭാഗമായ കാട്ടുനായ്ക്കരുടെ പരമ്പരാഗത നൃത്തകലാരൂപങ്ങളായ കോലാട്ടെ, തോട്ടിയാട്ടെ, സൊദോദ്ധിമി എന്നീ നൃത്തരൂപങ്ങളുടെ 15 ദിവസം നീണ്ടുനിൽക്കുന്ന പഠനക്കളരി കിർത്താഡ്സിൽ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>56-ാമത് സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വയനാട് ജില്ലയിലെ പണിയനൃത്തം, കാസർഗോഡ് ജില്ലയിലെ മംഗലംകളി, ഇടുക്കി ജില്ലയിലെ ആട്ടം, പളിയ സമുദായക്കാരുടെ പളിയനൃത്തം , പാലക്കാട് ജില്ലയിലെ ഇരുള സമുദായക്കാരുടെ ഇരുള നൃത്തം എന്നീ കലാരൂപങ്ങൾ ആദ്യമായി പ്രദർശന ഇനമായി തിരുവനന്തപുരം ജില്ലയിലെ ഗാന്ധിപാർക്കിൽ സംഘടിപ്പിച്ചിരുന്നു. വരും വർഷങ്ങളിൽ ഇത്തരം കലാരൂപങ്ങൾ മത്സര ഇനങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ എടുത്തു വരുന്നുണ്ട്.<br><br>അന്യം നിന്നു പോകുന്ന ഗോത്രവർഗ്ഗ ഭാഷകളെ സംരക്ഷിക്കുന്നതിനായി കിർത്താഡ്സ് വഴി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം കേരളത്തിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഭാഷകളെക്കുറിച്ച് പഠിക്കുകയും അവ സംരക്ഷിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ചും വയനാട്ടിലെ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | സമുദായമായ പണിയൻ സമുദായത്തിന്റെ ഭാഷയ്ക്ക് വേണ്ടി രൂപീകരിച്ച ലിപിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് പുറമെ ഏതാനും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭാഷയിൽ നിഘണ്ടു, പാഠാവലി, പഠനസഹായി എന്നിവ തയ്യാറാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കൂടാതെ "പട്ടികവർഗ്ഗ ഭാഷയും വായ്മൊഴി ശേഖരണവും "എന്ന പദ്ധതിയും തുടങ്ങിയിട്ടുണ്ട്. |
| ഡി) | പ്രാക്തന-ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ